പ്രീ-പ്രൈമറി, പ്രൈമറി തലത്തിൽ അദ്ധ്യയനമാധ്യമം മാതൃഭാഷയാക്കാൻ നടപടി

144 [2380] ശ്രീ. ടി. എൻ. പ്രതാപൻ:
,, എ. മുരളി:
,, കെ. മുഹമ്മദാലി:
,, കെ. സി. ജോസഫ്:
,, കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ പ്രീ-പ്രൈമറി, പ്രൈമറി തലത്തിൽ മാതൃഭാഷ അദ്ധ്യയന മാധ്യമമാക്കുവാൻ ഉദ്ദേശമുണ്ടോ;

(ബി) പ്രാദേശിക സംസ്കാരവുമായി ബന്ധപ്പെട്ട കലാരൂപങ്ങൾ, ഉത്സവങ്ങൾ, അനുഷ്ഠാനങ്ങൾ തുടങ്ങിയവ പാഠപുസ്തകങ്ങളിൽ ഉൾക്കൊള്ളിക്കുവാൻ ഉദ്ദേശമുണ്ടോ;

(സി) പഠനത്തോടൊപ്പംതന്നെ സാംസ്കാരിക പ്രവർത്തനങ്ങൾക്കും കൂടി നിശ്ചിത പീരിയഡുകൾ മാറ്റിവെക്കാൻ ഉദ്ദേശമുണ്ടോ?

ഉത്തരം

(എ) അദ്ധ്യയന മാധ്യമം മാതൃഭാഷ തന്നെയാണ്. എന്നാൽ അപൂർവ്വം ചില സ്കൂളുകളിൽ ബോധന മാധ്യമം ഇംഗ്ലീഷ്/തമിഴ്/കന്നട എന്നിവയാണ്.

(ബി) തൽക്കാലം പരിഗണനയിലില്ല.

(സി) തൽക്കാലം പരിഗണനയിലില്ല.

ഹൈസ്കൂൾ തലത്തിലുള്ള പാഠ്യപദ്ധതിയിൽ എല്ലാ വിഷയങ്ങൾക്കും തുല്യപ്രാധാന്യം നൽകുന്നതിന് നടപടി

145 [2391] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈസ്കൂൾ തലത്തിലുള്ള പാഠ്യപദ്ധതിയിൽ എല്ലാ വിഷയങ്ങൾക്കും തുല്യ പ്രാധാന്യമാണോ സർക്കാർ നൽകുന്നത്; അല്ലെങ്കിൽ ഇക്കാര്യം പരിശോധിക്കാമോ;

(ബി) ചരിത്രം, ഭൂമിശാസ്ത്രം എന്നിവയുടെ അദ്ധ്യാപക നിയമനങ്ങളിൽ അതാത് വിഷയത്തിൽ ബിരുദവും ബി.എഡ്.-ഉം ഉണ്ടായിരിക്കണമെന്ന് നിഷ്കർഷിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) പത്താംക്ലാസ് വരെ മാത്രം ഭൂമിശാസ്ത്രം പഠിച്ചവരാണ് മറ്റ് വിഷയങ്ങളിൽ ബിരുദമെടുത്ത ശേഷം പിന്നീട് ഹൈസ്കൂൾ തലത്തിൽ ഭൂമിശാസ്ത്രം പഠിപ്പിക്കുന്നതെന്നുള്ള കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) സുനാമിയും ഭൂകമ്പവും പോലുള്ള പ്രകൃതി ദുരന്തങ്ങൾ നേരിടുന്ന ഇന്നത്തെ തലമുറയെ ഭൂമിശാസ്ത്ര പാഠങ്ങൾ കൂടുതൽ ഗൗരവത്തോടെ പഠിപ്പിക്കേണ്ടത് ആവശ്യമാണെന്ന് സർക്കാർ കരുതുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly